# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2621 — 19.12.2012ൽ മറുപടിയ്ക്ക്

## ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം

ചോദ്യം : ശ്രീ. ജി. എസ്. ജയലാൽ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ.ഐ.പി. പ്രധാന കനാലിന്റെ രണ്ടാം കിലോമീറ്ററിലെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന് എത്രലക്ഷം രൂപയുടെ ഭരണാനുമതി എന്നാണ് നൽകിയതെന്ന് അറിയിക്കുമോ ; പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിലേയ്ക്ക് ടെണ്ടർ നടപടി പൂർത്തീകരിച്ചുവോ ; എന്നത്തേക്ക് നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | (എ) 12/7/2012 ലെ G.O (Rt) No.837/12/WRD പ്രകാരം 1,72,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടികളുമായി ബന്ധപ്പെട്ട് ബഹു.കേരളാ ഹൈക്കോടതിയുടെ മുമ്പാകെ ഫയൽ ചെയ്ത കേസുകളിൽ വിധിയുണ്ടാകുന്ന മുറക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) രണ്ടാം കിലോമീറ്ററിലെ തകരാറു പരിഹരിക്കാത്തതു മൂലമാണ് 23-ാം കിലോമീറ്ററിൽ സ്ഥിതിചെയ്യുന്ന ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം പ്രവർത്തിപ്പിക്കുവാൻ കഴിയാത്തതെന്ന അധികാരികളുടെ നിഗമനം ശരിയാണോ ; വിശദമാക്കുമോ ; | (ബി) ശരിയാണ്. ഇടതുകര കനാലിലെ 2.1-ാം കിലോമീറ്ററിലെ തകരാരിലായ ഭാഗത്ത് താൽക്കാലികമായി നിർമ്മിച്ചിട്ടുള്ള സ്റ്റീൽ കനാൽ വഴിയാണ് ഭാഗികമായി ജലവിതരണം നടത്തുന്നത്. കനാലിൽ ഈ ഭാഗത്ത് പരമാവധിയളവിൽ വെള്ളം ഒഴുകിയാൽ മാത്രമേ ഇടതുകര കനാലിന്റെ 23-ാം കിലോമീറ്ററിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീം പ്രവർത്തിപ്പിക്കാനാവശ്യമായ ജലം ലഭ്യമാകുകയുള്ളൂ. |
| (സി) ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പ്രദേശത്ത് യഥേഷ്ടം ജലം ഒഴുകി എത്തുന്നതിലേക്ക് മറ്റ് തടസ്സങ്ങൾ എന്തെങ്കിലും ഉള്ളതായി കണ്ടെത്തുകയോ, പഠനം നടത്തുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ അവയ്ക്ക് പരിഹാരം കാണുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) കണ്ടെത്തിയിട്ടുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലേയ്ക്ക് ജലമെത്തിക്കുന്ന പരവൂർ, ഓയൂർ ഡിസ്ട്രിബ്യൂട്ടറികളിൽ ചോർച്ചമൂലം ജലനഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ചോർച്ച പരിഹരിക്കുന്നതിനായി ടി കനാലുകളുടെ നവീകരണത്തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) നിലവിലുള്ള തടസ്സങ്ങൾ പരിഹരിച്ച് വരുന്ന വേനൽകാലത്ത് ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം പ്രവർത്തിപ്പിക്കുവാൻ നടപടി കൈക്കൊള്ളുമോ ; | (ഡി) 02.1-ാം കിലോമീറ്ററിലെ (ഇടതുകര മെയിൻ കനാലിലെ) തകരാർ പൂർണ്ണമായും പരിഹരിക്കപ്പെടുന്ന മുറയ്ക്ക് ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം പ്രവർത്തിപ്പിക്കണമെങ്കിൽ വൈദ്യുതി ബോർഡിലേക്കുള്ള കുടിശ്ശിക തുക അടക്കണമെന്നുള്ളത് ശരിയാണോ; എങ്കിൽ എത്ര രൂപയെന്നും ആയതിലേക്ക് സ്വീകരിച്ച നടപടി എന്തെന്നും വ്യക്തമാക്കുമോ ? | (ഇ) | ശരിയാണ്. 20 ലക്ഷം രൂപ കുടിശ്ശികയുണ്ട്. |

സെക്ഷൻ ഓഫീസർ